# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 20, വ്യാഴം

**നമ്പർ 173**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

പ്രത്യേക പരാമർശം :

ഒന്നാം കേരള നിയമസഭാംഗങ്ങളിൽ ജീവിച്ചിരിക്കുന്ന ഏക വ്യക്തിയായ, നൂറ്റിയൊന്നാം ജൻമദിനം ആഘോഷിക്കുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് ആദരവ് രേഖപ്പെടുത്തിക്കൊണ്ട് സ്പീക്കർ റഫറൻസ് നടത്തി. ചെയർ പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംസാരിച്ചു 21-6-2019-ന് ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ നൂറ്റിയൊന്നാം ജന്മദിന ആഘോഷങ്ങളിൽ അംഗങ്ങൾക്ക് പങ്കെടുക്കേണ്ടതുള്ളതിനാൽ 21-6-2019-ലെ സിറ്റിംഗ് സഭയുടെ അനുമതിയോടെ റദ്ദാക്കുന്നുവെന്നും പ്രസ്തുത ദിവസത്തെ ചോദ്യങ്ങൾ ഒഴികെയുള്ള കാര്യപരിപാടി 5-7-2019-ലേയ്ക്ക് മാറ്റുന്നുവെന്നും കൂടാതെ പ്രസ്തുത ദിവസത്തെ ചോദ്യങ്ങളുടെ മറുപടി ലഭ്യമാക്കുമെന്നും ബഹു. സ്പീക്കർ അറിയിച്ചു.

അടിയന്തരപ്രമേയം:

കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദ്ദേശത്തിന് വിരുദ്ധമായി മൊസാമ്പിക്കിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യതുമൂലം കശുവണ്ടി ബോർഡിന് കോടികളുടെ നഷ്ടമുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

1. ആധുനിക നിർമ്മാണ ഉപകരണങ്ങൾ ഇല്ലാത്ത കരാറുകാർ യഥാസമയം റോഡ്-പാലം പ്രവൃത്തികൾ പൂർത്തീകരിക്കാതെ സർക്കാരിന് നഷ്ടം വരുത്തുന്നത് തടയേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. ബി. ഗണേഷ് കുമാർ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ ഉള്ളതായി പറയപ്പെടുന്ന നിലവാരത്തകർച്ചയും എഞ്ചിനീയറിംഗ് ബിരുദധാരികളുടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കാർഷിക വായ്പകളുള്ള മോറട്ടോറിയത്തിന് റിസർവ് ബാങ്ക് അനുമതി നിഷേധിച്ചത് | കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. ഡി. സതീശൻ | സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ചികിത്സാ ധനസഹായ സമാഹരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. മഞ്ഞളാംകുഴി അലി | ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | അകത്തേത്തറ നടക്കാവ് മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. വി. എസ്. ശിവകുമാർ | തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂരിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. ആർ. രാമചന്ദ്രൻ | ലാന്റ് റെക്ലമേഷൻ സ്കീം | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. രാജു എബ്രഹാം | അങ്കമാലി - എരുമേലി റെയിൽവേ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ഉണ്ണി | ഈസ്റ്റ് ഒറ്റപ്പാലം പാലം പുനർ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി - ചേലക്കൊമ്പ് റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു :

I. *(i)ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 346/2019 | ജി.ഒ.(എംഎസ്.) നമ്പർ 101/2018/ഹോം | 14-6-2018 |
| 2 | 352/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1239/2019/ഹോം | 8-5-2019 |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 361/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1366/2019/ഹോം | 27-5-2019 |
| 4 | 342/2019 | ജി.ഒ.(പി.) നമ്പർ 26/2019/ആർഡി. | 14-5-2019 |
| 5 | 347/2019 | ജി.ഒ.(പി.) നമ്പർ 27/2019/ആർഡി. | 18-5-2019 |
| 6 | 358/2019 | ജി.ഒ.(പി.) നമ്പർ 79/2019/ടാക്സസ് | 25-5-2019 |
| 7 | 359/2019 | ജി.ഒ.(പി.) നമ്പർ 80/2019/ടാക്സസ് | 25-5-2019 |
| 8 | 374/2019 | ജി.ഒ.(പി.) നമ്പർ 81/2019/ടാക്സസ് | 31-5-2019 |
| 9 | 375/2019 | ജി.ഒ.(പി.) നമ്പർ 82/2019/ടാക്സസ് | 31-5-2019 |
| 10 | 368/2019 | ജി.ഒ.(പി.) നമ്പർ 48/2019/ എച്ച് & എഫ്ഡബ്ല്യുഡി. | 9-5-2019 |
| 11 | 385/2019 | ജി.ഒ.(പി.) നമ്പർ 7/2019/എസ്ജെഡി. | 1-6-2019 |
| 12 | 310/2019 | ജി.ഒ.(പി.) നമ്പർ 69/2019/റ്റിഡി. | 30-4-2019 |
| 13 | 311/2019 | ജി.ഒ.(പി.) നമ്പർ 70/2019/റ്റിഡി. | 30-4-2019 |
| 14 | 314/2019 | ജി.ഒ.(പി.) നമ്പർ 35/2019/എൽബിആർ. | 23-4-2019 |
| 15 | 365/2019 | ജി.ഒ.(പി.) നമ്പർ 24/2019/എൽബിആർ. | 24-3-2019 |
| 16 | 373/2019 | ജി.ഒ.(പി.) നമ്പർ 41/2019/എൽബിആർ. | 29-5-2019 |
| 17 | 360/2019 | ജി.ഒ.(പി.) നമ്പർ 51/2019/കോ-ഓപ്പ്. | 15-5-2019 |
| 18 | 370/2019 | ജി.ഒ.(പി.) നമ്പർ 60/2019/കോ-ഓപ്പ്. | 30-5-2019 |
| 19 | 362/2019 | ജി.ഒ.(പി.) നമ്പർ 34/2019/ എൽഎസ്ജിഡി. | 22-5-2019 |
| 20 | 340/2019 | ജി.ഒ.(പി.) നമ്പർ 18/2019/എഫ്&പിഡി. | 28-4-2019 |

(ii) *വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ് |
| 3 | സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 4 | ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ(അഡാക്ക്) | 2014-15 | ഓഡിറ്റ് റിപ്പോർട്ട് |
| 5 | കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് |
| 6 | കേരള സർവ്വകലാശാല | 2017-18 | വാർഷിക കണക്കുകൾ |
| 7 | കേരള സർവ്വകലാശാല | 2018 | വാർഷിക റിപ്പോർട്ട് |

റിപ്പോർട്ടുകളുടെ സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ട് സമർപ്പിച്ചു:

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്.

ധനകാര്യം:

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും മൃഗസംരക്ഷണം എന്ന XXXI- ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV- ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XXX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 4, 5, 8, 9, 11, 12, 14, 17, 18, 19, 21, 23, 24, 25, 26, 28, 30, 32, 33, 34, 36, 38, 39, 44, 45, 46, 47 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXI -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 7, 8, 12, 13, 14, 15, 17, 24, 25, 26, 30, 31, 32, 33, 35, 36, 38, 39 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXII -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 8, 10, 11, 12, 15, 17, 20, 21, 26, 27, 28, 32, 33, 34, 35, 37, 38, 40, 41 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 7, 9, 11, 12, 13, 15, 17, 18, 20, 25, 26, 27, 29, 31, 32, 34, 37, 38, 39, 40 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. പി. സി. ജോർജ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. ഒ. ആർ. കേളു

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXX, XXXI, XXXII, XXXIV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.55-ന് സഭ പിരിഞ്ഞു.

സി ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 20, 2019*

**No. 173**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Special Mention* :

The Speaker made a reference in honour of Smt. K. R. Gouri Amma who is the only living person among the Members of 1st Kerala Legislative Assembly on her 101th birthday. Shri Pinarayi Vijayan, Chief Minister and Shri Ramesh Chennithala, Leader of Opposition associated themselves to the felicitation made by the Chair. Also The Speaker informed the House that the Business scheduled on 21-6-2019 stand cancelled for enabling the Members to participate the 101th birthday celebration of Smt. K. R. Gouri Amma at Alappuzha and the business on the same day except questions have been postponed to 5-7-2019 and the answers to the questions posted for 21-6-2019 will be provided.

*Adjournment Motion* :

After hearing the Minister for Fisheries, Harbour Engineering and Cashew Industry Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and three other Members regarding the serious situation reported to have arisen due to the lose occured to Cashew board due to the import of raw cashew from Mozambique the violation of the directions of Central Vigilance Commission.

KNPP. 836/2019 (ii).

In protest against the attitude of the Government in this matter the Members belonging to opposition staged a walk out.

*Calling Attention* :

1. Shri K. B. Ganesh Kumar called the attention of the Minister for Public Works and Registration to the necessity to prevent the tendency of incurring loss to State exchequer by some contractors who fail to complete Roads/Bridges projects on time for want of modern equipments. The Minister made a statement thereto.

2. Shri K. S. Sabarinadhan called the attention of the Minister for Higher Education, Welfare of Minorities, Wakf and Hajj Pilgrimage to the necessity to take steps to solve the reported deterrioration of quality of Engineering education and rising unemployment amongst Engineering graduates in the State. The Minister made a statement thereto.

*The matters under Rule 304* :

The matters raised in the house by members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കാർഷിക വായ്പകളുള്ള മോറട്ടോറിയത്തിന് റിസർവ് ബാങ്ക് അനുമതി നിഷേധിച്ചത് | കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. ഡി. സതീശൻ | സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ചികിത്സാ ധനസഹായ സമാഹരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. മഞ്ഞളാംകുഴി അലി | ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. എസ്. അച്ചുതാനന്ദൻ | അകത്തേത്തറ നടക്കാവ് മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. വി. എസ്. ശിവകുമാർ | തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂരിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. ആർ. രാമചന്ദ്രൻ | ലാന്റ് റെക്ലമേഷൻ സ്കീം | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. രാജു എബ്രഹാം | അങ്കമാലി - എരുമേലി റെയിൽവേ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ഉണ്ണി | ഈസ്റ്റ് ഒറ്റപ്പാലം പാലം പുനർ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി - ചേലക്കൊമ്പ് റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table* :

The following papers were laid on the Table:

I. *(i) Papers as per rule 166(1)* :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 346/2019 | ജി.ഒ.(എംഎസ്.) നമ്പർ 101/2018/ഹോം | 14-6-2018 |
| 2 | 352/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1239/2019/ഹോം | 8-5-2019 |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 361/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1366/2019/ഹോം | 27-5-2019 |
| 4 | 342/2019 | ജി.ഒ.(പി.) നമ്പർ 26/2019/ആർഡി. | 14-5-2019 |
| 5 | 347/2019 | ജി.ഒ.(പി.) നമ്പർ 27/2019/ആർഡി. | 18-5-2019 |
| 6 | 358/2019 | ജി.ഒ.(പി.) നമ്പർ 79/2019/ടാക്സസ് | 25-5-2019 |
| 7 | 359/2019 | ജി.ഒ.(പി.) നമ്പർ 80/2019/ടാക്സസ് | 25-5-2019 |
| 8 | 374/2019 | ജി.ഒ.(പി.) നമ്പർ 81/2019/ടാക്സസ് | 31-5-2019 |
| 9 | 375/2019 | ജി.ഒ.(പി.) നമ്പർ 82/2019/ടാക്സസ് | 31-5-2019 |
| 10 | 368/2019 | ജി.ഒ.(പി.) നമ്പർ 48/2019/ എച്ച് & എഫ്ഡബ്ല്യുഡി. | 9-5-2019 |
| 11 | 385/2019 | ജി.ഒ.(പി.) നമ്പർ 7/2019/എസ്ജെഡി. | 1-6-2019 |
| 12 | 310/2019 | ജി.ഒ.(പി.) നമ്പർ 69/2019/റ്റിഡി. | 30-4-2019 |
| 13 | 311/2019 | ജി.ഒ.(പി.) നമ്പർ 70/2019/റ്റിഡി. | 30-4-2019 |
| 14 | 314/2019 | ജി.ഒ.(പി.) നമ്പർ 35/2019/എൽബിആർ. | 23-4-2019 |
| 15 | 365/2019 | ജി.ഒ.(പി.) നമ്പർ 24/2019/എൽബിആർ. | 24-3-2019 |
| 16 | 373/2019 | ജി.ഒ.(പി.) നമ്പർ 41/2019/എൽബിആർ. | 29-5-2019 |
| 17 | 360/2019 | ജി.ഒ.(പി.) നമ്പർ 51/2019/കോ-ഓപ്പ്. | 15-5-2019 |
| 18 | 370/2019 | ജി.ഒ.(പി.) നമ്പർ 60/2019/കോ-ഓപ്പ്. | 30-5-2019 |
| 19 | 362/2019 | ജി.ഒ.(പി.) നമ്പർ 34/2019/ എൽഎസ്ജിഡി. | 22-5-2019 |
| 20 | 340/2019 | ജി.ഒ.(പി.) നമ്പർ 18/2019/എഫ്&പിഡി. | 28-4-2019 |

(ii) *Reports of Various Institutions*:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ് |
| 3 | സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 4 | ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ(അഡാക്ക്) | 2014-15 | ഓഡിറ്റ് റിപ്പോർട്ട് |
| 5 | കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് |
| 6 | കേരള സർവ്വകലാശാല | 2017-18 | വാർഷിക കണക്കുകൾ |
| 7 | കേരള സർവ്വകലാശാല | 2018 | വാർഷിക റിപ്പോർട്ട് |

*Presentation of Reports* :

The following Report was presented:

The Seventeeth Report of the Committee on Private Members' Bills and Resolutions.

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2019-2020.

Shri P. Thilothaman, Minister for Food and Civil Supplies moved Demand No. XXX- Food, for the amount shown against it under column No.5 in the list of Demands for Grants and Shri K. Raju, Minister for Forest, Animal Husbandry and Zoos moved Demand No. XXXI- Animal Husbandry, Demand No. XXXII- Dairy and Demand No.XXXIV-Forest, for the amounts shown against them under column No.5 in the list of Demands for Grants.

DR. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion Nos. 4, 5, 8, 9, 11, 12, 14, 17, 18, 19, 21, 23, 24, 25, 26, 28, 30, 32, 33, 34, 36, 38, 39, 44, 45, 46 and 47 in the list of cut motions for Demand No.XXX, the cut motion Nos. 1, 3, 4, 5, 7, 8, 12, 13, 14, 15, 17, 24, 25, 26, 30, 31, 32, 33, 35, 36, 38 and 39 in the list of cut motions for Demand No.XXXI, cut motion Nos. 2, 3, 4, 8, 10, 11, 12, 15, 17, 20, 21, 26, 27, 28, 32, 33, 34, 35, 37, 38, 40 and 41 for the Demand No.XXXII and in the list of cut motions Nos. 1, 7, 9, 11, 12, 13, 15, 17, 18, 20, 25, 26, 27, 29, 31, 32, 34, 37, 38, 39 and 40 for Demand No. XXXIV were moved.

The following Members took part in the discussion:

Shri George M. Thomas

Shri Eldose P. Kunnapillil

Smt. E. S. Bijimol

Shri V. K. Ebrahim Kunju

Shri P. C. George

Shri K. B. Ganesh Kumar

Shri P. J. Joseph

Shri C. K. Hareendran

Shri Antony John

Shri O. R. Kelu

Shri E. K. Vijayan

Shri K. Kunhiraman

Shri K. N. A. Khader

Shri C. K. Saseendran

Shri Sunny Joseph.

Shri P. Thilothaman, Minister for Food and Civil Supplies and Shri K. Raju, Minister for Forest, Animal Husbandry and Zoos replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXX, XXXI, XXXII and XXXIV were put to vote and passed.

The House adjourned at 4.55 p.m. to meet again at 9.00 a.m. on Monday, June 24, 2019.

C. JOS,
*Secretary-in-charge.*